<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2568</u> <u>07-07-2022 - ൽ മറുപടിയ്ക്ക്</u>

<u>ഇലക്ട്രിക്ക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ സർക്കാരിന് കീഴിൽ എത്ര ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 30 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റെഷനുകളും 238 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റെഷനുകളും ഉൾപ്പെടെ കെഎസ്ഇബിഎൽ ന്റെ 268 ചാർജ്ജിംഗ് സ്റ്റേഷനുകൾ സംസ്ഥാനത്ത് പ്രവർത്തനസജ്ജമായിട്ടുണ്ട്.<br><br>കൂടാതെ അനെർട്ടിന് കീഴിൽ 12 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ ഉണ്ട്. |
| (ബി) | ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ പുതിയതായി തുടങ്ങുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (ബി) | കെ.എസ്.ഇ.ബി.എൽ-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ആറു ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 07.11.2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. ഇതിനു പുറമെ എല്ലാ ജില്ലകളിലുമായി 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നു വരികയാണ്. ഇതിൽ 24 എണ്ണം പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമായിരിക്കുന്നു. ബാക്കിയുള്ള സ്റ്റേഷനുകളുടെ നിർമ്മാണം ഒരു മാസത്തിനകം തന്നെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടൊപ്പം 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09.10.2021 ന് പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുതി വാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിക്കുകയും 1155 ചാർജ്ജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം സ്ഥാപിക്കുന്നതിനായി ടെണ്ടർ നടപടികൾ ... |

ലക്ഷ്യമിടുന്നു. അതിൽ 261 ചാർജ്ജിംഗ് പോയിന്റുകൾ ഇപ്പോൾത്തന്നെ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

സംസ്ഥാനത്ത് ഇ-മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് ആവശ്യമായ ഇതര പദ്ധതികളുടെ നടത്തിപ്പും സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിലുള്ള മറ്റ് ഉത്തരവാദിത്തങ്ങളും ബന്ധപ്പെട്ട ഏജൻസി കളും ഉപഭോക്താക്കളുമായി ചേർന്ന് കെ.എസ്.ഇ.ബി.എൽ. നിർവ്വഹിച്ചു വരുന്നു. കൂടാതെ ഗവൺമെന്റ് അധീനതയിലുള്ള 2500 ഓളം സ്ഥലങ്ങൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ ക്കായി കണ്ടെത്തിയിട്ടുണ്ട്. നിക്ഷേപകരുടെ മുതൽമുടക്കോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി ഇപ്പോൾ സർക്കാർ പരിഗണനയിലാണ്.

ഇതോടൊപ്പം വൈദ്യുത വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 65 വൈദ്യുതി വാഹനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വഴിയായി ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന് സാധിക്കും.

ദീർഘദൂര ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനാണ് ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ ആവശ്യമായിവരുന്നത്. ആദ്യ ഘട്ടത്തിൽ ദേശീയ പാത, എം.സി റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം ഏകദേശം 50 കിലോമീറ്റർ ദൂര വ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ വീതം സ്ഥാപിക്കുന്നതിനുള്ള നടപടിയാണ് അനെർട്ട് സ്വീകരിച്ചിട്ടുള്ളത്.

പൊതു സ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾ ക്കായി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതി പ്രകാരം. 5 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ഇവ 2022 ഡിസംബർ മാസത്തിനുള്ളിൽ പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വർഷം പുതിയതായി സൗരോർജ്ജ സംവിധാനത്തോടുകൂടിയ 6 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ അനെർട്ട് സ്ഥാപിക്കുന്നതാണ്.

ഹോട്ടലുകൾ, മാളുകൾ, റെസ്റ്റോറന്റുകൾ ഉൾപ്പെടെ സ്വകാര്യ വ്യക്തികൾ തുടങ്ങുന്ന പബ്ലിക് ചാർജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം

| | | | |
|---|---|---|---|
| | | | ഒരുക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി പ്രകാരം ആലപ്പുഴ, പത്തനതിട്ട, കോഴിക്കോട് എന്നീ ജില്ലകളിലായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായി. കോഴിക്കോട് ജില്ലയിൽ ഒരെണ്ണത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. പുതിയതായി ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്ന സ്വകാര്യ സംരംഭകർക്ക് ചാർജിംഗ് മെഷീൻ വിലയുടെ 25 ശതമാനം സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കാനാകുമെന്ന് പ്രതീക്ഷി ക്കുന്നു. |
| (സി) | പുതിയതായി നിർമ്മാണം നടന്നുവരുന്ന ചാർജിംഗ് സ്റ്റേഷനുകൾ എന്നത്തേയ്ക്ക് പ്രവർത്തനസജ്ജമാകുമെന്ന് വ്യക്തമാക്കാമോ? | (സി) | കെ.എസ്.ഇ.ബി.എൽ-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ആറ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 07.11.2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. ഇതിനു പുറമെ എല്ലാ ജില്ലകളിലുമായി 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നു വരികയാണ്. ഇതിൽ 24 എണ്ണം പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമായിരിക്കുന്നു. ബാക്കിയുള്ള സ്റ്റേഷനുകളുടെ നിർമ്മാണം ഒരു മാസത്തിനകം തന്നെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടൊപ്പം 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09.10.2021 ന് പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുതി വാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിക്കുകയും 1155 ചാർജ്ജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം സ്ഥാപിക്കുന്നതിനായി ഉടക്കമിടുകയും ചെയ്തിട്ടുണ്ട്. 6 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. അതിൽ 261 ചാർജ്ജിംഗ് പോയിന്റുകൾ ഇപ്പോൾത്തന്നെ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.<br><br>സംസ്ഥാനത്ത് ഇ-മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് ആവശ്യമായ ഇതര പദ്ധതികളുടെ നടത്തിപ്പും സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിലുള്ള മറ്റ് ഉത്തരവാദിത്തങ്ങളും ബന്ധപ്പെട്ട ഏജൻസി കളും ഉപഭോക്താക്കളുമായി ചേർന്ന് കെ.എസ്.ഇ.ബി.എൽ. നിർവ്വഹിച്ചു വരുന്നു. കൂടാതെ |

ഗവൺമെന്റ് അധീനതയിലുള്ള 2500 ഓളം സ്ഥലങ്ങൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ ക്കായി കണ്ടെത്തിയിട്ടുണ്ട്. നിക്ഷേപകരുടെ മുതൽമുടക്കോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി ഇപ്പോൾ സർക്കാർ പരിഗണനയിലാണ്.

ഇതോടൊപ്പം വൈദ്യുത വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 65 വൈദ്യുതി വാഹനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വഴിയായി ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന് സാധിക്കും.

ദീർഘദൂര ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനാണ് ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ ആവശ്യമായിവരുന്നത്. ആദ്യ ഘട്ടത്തിൽ ദേശീയ പാത, എം.സി റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം ഏകദേശം 50 കിലോമീറ്റർ ദൂര വ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ വീതം സ്ഥാപിക്കുന്നതിനുള്ള നടപടിയാണ് അനെർട്ട് സ്വീകരിച്ചിട്ടുള്ളത്.

പൊതു സ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾ ക്കായി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതി പ്രകാരം. 5 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ഇവ 2022 ഡിസംബർ മാസത്തിനുള്ളിൽ പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വർഷം പുതിയതായി സൗരോർജ്ജ സംവിധാനത്തോടുകൂടിയ 6 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ അനെർട്ട് സ്ഥാപിക്കുന്നതാണ്.

ഹോട്ടലുകൾ, മാളുകൾ, റെസ്റ്റോറന്റുകൾ ഉൾപ്പെടെ സ്വകാര്യ വ്യക്തികൾ തുടങ്ങുന്ന പബ്ലിക് ചാർജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഒരുക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി പ്രകാരം ആലപ്പുഴ, പത്തനതിട്ട, കോഴിക്കോട് എന്നീ ജില്ലകളിലായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായി. കോഴിക്കോട് ജില്ലയിൽ ഒരെണ്ണത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. പുതിയതായി ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്ന സ്വകാര്യ സംരംഭകർക്ക് ചാർജിംഗ് മെഷീൻ വിലയുടെ 25 ശതമാനം സബ്സിഡി നൽകുന്നത്തിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കാനാകുമെന്ന് പ്രതീക്ഷി ക്കുന്നു.

സെക്ഷൻ ഓഫീസർ